MONDAY

തിങ്കളാഴ്ച

19/01/2026

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA

**Chief Editor :** SINDHU. KS **Editor :** Dr. G.Pramodkumar



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 19/01/2026

1. പുന്നപ്ര, ചെന്നിത്തല, മാന്നാർ, ചാരുംമൂട്,. തലവടി, ചമ്പക്കുളം എന്നീ കൃഷിഭവനുകളുടെ പരിധിയിൽ വരുന്ന വിതച്ച് 25 മുതൽ 65 ദിവസം വരെ പ്രായമായ വിവിധ പാടശേഖരങ്ങളിലായി ഏകദേശം 60 ഹെക്ടർ സ്ഥലത്ത് ബ്ലാസ്റ്റ് രോഗ ലക്ഷണങ്ങൾ കാണുന്നു. മനുരത്ന, പൗർണ്ണമി ഇനങ്ങളിലാണ് രോഗലക്ഷണങ്ങൾ കൂടുതലായി കാണുന്നത്. 6 മണിക്കൂറിൽ അധികം നെല്ലോലയിൽ ഈർപ്പം തങ്ങി നിൽക്കുന്ന സാഹചര്യത്തിലാണ് രോഗബാധയും രോഗവ്യാപനവും കൂടുതലാകുന്നത്. നൈട്രജൻ വളപ്രയോഗം അധികരിക്കുന്നതും നിലത്തിൽ തീരെ വെള്ളമില്ലാത്ത സാഹചര്യവും രോഗബാധ കൂടുന്നതിന് കാരണമാകും. ബ്ലാസ്റ്റ് രോഗബാധ തന്നെയാണെന്ന് ഉറപ്പാക്കിയതിനുശേഷം അനുയോജ്യമായ കുമിൾനാശിനി തളിക്കുക വഴി രോഗബാധ നിയന്ത്രിക്കാം. ജനുവരി മുതൽ മാർച്ച് വരെയുള്ള കാലയളവിലാണ് കുട്ടനാട്ടിൽ മുഞ്ഞയുടെ സാന്നിദ്ധ്യം കൂടുതലായി കാണുന്നത്. പാടശേഖരങ്ങളിൽ നടത്തുന്ന മുൻകൂർ കീടനാശിനി പ്രയോഗങ്ങൾ പലപ്പോഴും പിന്നീട് മുഞ്ഞയുടെ ആക്രമണത്തിന് കാരണ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മാകാറുണ്ട്. അതിനാൽ ഇലപ്പേൻ, ചാഴി മുതലായ കീടങ്ങൾക്കെതിരെ കീടനാശിനി പ്രയോഗം നടത്തുന്നതിന് മുൻപ് കർഷകർ നിർബന്ധമായും സാങ്കേതിക നിർദ്ദേശം സ്വീകരിക്കണം. കീടരോഗബാധകൾ സംബന്ധിച്ച സംശയനിവാരണത്തിനും കൃഷിയിടം അടിയന്തരമായി സന്ദർശിക്കേണ്ട സാഹചര്യം നിലനിൽക്കുന്നുണ്ടെങ്കിലും കർഷകർക്ക് സംസ്ഥാന കീടനിരീക്ഷണ കേന്ദ്രവുമായി 9383470697 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

## പരിശീലന പരിപാടി

2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോര് ഇ-ലേണിംഗ്) "Plant Propagation and Nursery Management" എന്ന ഓൺലൈന് പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. 50% മാർക്കോടുകൂടി SSLC / തത്തുല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. താല്പര്യമുള്ളവര് www.celkau.in എന്ന വെബ്സൈറ്റിലെ 'ഇ-കൃഷി പാഠശാല' മുഖേന രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്.കോഴ്സ് ആരംഭിക്കുന്ന

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

തിയ്യതി: 2026 ഫെബ്രുവരി 15. 2026 മാർച്ച് 15-ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. കൂടുതല് വിവരങ്ങള് പ്രസ്തുത വെബ്സൈറ്റില് ലഭ്യമാണ്. സംശയങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയില് ആയോ 04872438567, 8547837256 എന്നീ ഫോണ് നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

3. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപനത്തിന് കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററില് 35 ദിവസം പ്രായമായ BV 380 കോഴിക്കുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക് തയ്യാറായിരിക്കുന്നു. വില ഒന്നിന് ₹175/- രൂപ. ബുക്കിങ്ങിനായി വിളിക്കേണ്ട ഫോൺ നമ്പര് : 0487 2370773, 8547070773. വിളിക്കേണ്ട സമയം : രാവിലെ 10 മണി മുതൽ 4 മണി വരെ.

4. കേരള കാർഷിക സർവ്വകലാശാല, കാർഷിക ഗവേഷണ കേന്ദ്രം മണ്ണുത്തിയിൽ വെച്ച് 10 ദിവസം ദൈർഘ്യമുള്ള ട്രാക്ടറിന്റെ പ്രവർത്തനം, അറ്റകുറ്റപണികൾ, സർവ്വീസിംഗ് എന്നീ വിഷയത്തിലുള്ള ട്രെയിനിങ് കോഴ്സ് ഉടനെ ആരംഭിക്കുന്നു. ഈ ട്രെയിനിങ്ങിൽ പങ്കെടുക്കുവാനായി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

താല്പര്യമുള്ളവർ ജനുവരി 23 –)0 തിയ്യതിക്കകം ഈ ഓഫീസിൽ വന്ന് പേര് രജിസ്റ്റർ ചെയ്യുക. ബന്ധപ്പെടേണ്ട ഫോൺ നമ്പർ: 9446370726.

5. ക്ഷീരവികസന വകുപ്പിൻ്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2026 ജനുവരി 28, 29 തീയതികളിൽ എലൈറ്റ് ഫാർമേഴ്സിന് ( 10 പശുവിൽ കൂടുതൽ ഉള്ളവർ ) "ക്ഷീര സംരംഭകത്വം ശാസ്ത്രീയ പശു പരിപാലനത്തിലൂടെ" എന്ന വിഷയത്തിൽ ദ്വിദിനപരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 20/- രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 150/- രൂപ ദിനബത്തയും, ആകെ 100/- രൂപ യാത്രാബത്തയും നൽകുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ പരിശീലനത്തിനെത്തുമ്പോൾ ആധാർ കാർഡിൻ്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിൻ്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 2026 ജനുവരി 27 – ാ ം തീയതി വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം : 0471 – 2440911

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മേൽവിലാസം ക്ഷീരപരിശീലന കേന്ദ്രം പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പാലസ്.പി.ഒ., തിരുവനന്തപുരം – 695004. Email ID:principaldtctvm@gmail.com

## കാർഷിക നിർദേശം

6. വിഷു വിപണി കണക്കാക്കി കൃഷിയിറക്കിയ മത്തൻ, വെള്ളരി, കുമ്പളം, പാവൽ, പടവലം എന്നീ പച്ചക്കറി വിളകൾക്ക് കൂടുതൽ വിളവ് ലഭ്യമാക്കുന്നതിനുവേണ്ടി മണ്ണിര കമ്പോസ്റ്റ്, മറ്റ് ജൈവവളങ്ങൾ എന്നിവയുടെ കൂടെ സ്യൂഡോമോണാസ് ചേർത്തു കൊടുക്കാം. കൂടാതെ കായീച്ച ശല്യം ഉണ്ടാകാതിരിക്കാൻ കേടുവന്ന കായ്കൾ നശിപ്പിക്കുക. പച്ചക്കറികളിലെ കായീച്ചകളെ നിയന്ത്രിക്കാനുള്ള പ്രത്യേകമായ ഫിറമോൺ കെണിയായ ക്യൂലൂർ 6 എണ്ണം ഒരു ഏക്കറിന് എന്ന തോതിലും കൂടാതെ തുളസി/പഴക്കെണികൾ ഉപയോഗിക്കുന്നതും നല്ലതാണ്. എന്നിട്ടും കുറവില്ലെങ്കിൽ രണ്ട് മില്ലി മാലത്തിയോൺ ഒരു ലിറ്റർ വെള്ളത്തിൽ 10 ഗ്രാം ശർക്കര ചേർത്ത് പൂക്കുന്ന സമയത്തും കായ് പിടിക്കുന്ന സമയത്തും തളിച്ച കൊടുക്കണം.